**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 430** **21-07-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്‌കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മനുഷ്യാവകാശ കമ്മീഷന്റെയും സുപ്രീം കോടതിയുടെയും നിർദ്ദേശാനുസരണം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവാസത്തിനുമായി കീടനാശിനി നിർമ്മാതാക്കളും കേന്ദ്ര സർക്കാരും സഹായം ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | മനുഷ്യാവകാശ കമ്മീഷന്റെയും സുപ്രീം കോടതിയുടെയും നിർദ്ദേശാനുസരണം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കീടനാശിനി നിർമ്മാതാക്കളും കേന്ദ്രസർക്കാരും സഹായം ലഭ്യമാക്കിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത ധനസഹായം നേടിയെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ; കീടനാശിനി നിർമ്മാതാക്കൾക്കെതിരെ നിയമ നടപടി കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ കീടനാശിനി കമ്പനികളെ കക്ഷി ചേർക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം ആരാഞ്ഞിട്ടുണ്ട്.<br><br>എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് ആവശ്യമായ തുകയുടെ 50% ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് കത്ത് നൽകിയിരുന്നു. എന്നാൽ 2018 ആഗസ്റ്റിൽ കേന്ദ്രം ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ആവശ്യം നിരസിയ്ക്കുകയുണ്ടായി.<br><br>കേരള സർക്കാരിനുവേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ വാദിയായി കീടനാശിനി നിർമ്മാതാക്കളെയും പ്ലാന്റേഷൻ കോർപ്പറേഷനെയും എതിർകക്ഷികളാക്കി തിരുവനന്തപുരം സബ് കോടതി മുമ്പാകെ ഒ.എസ് നം. 02/2019 കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ